കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - "മെക്കാനിക് ട്രാക്ടർ" ട്രേഡിലെ National Trade Certificate /State Trade Certificate (NTC/STC) യോഗ്യത ആവശ്യമുള്ള തസ്തികകൾക്ക് "മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷീനറി" ട്രേഡിലെ NTC/STC യോഗ്യതയും സ്വീകരിക്കുവാൻ സാധിക്കുംവിധം പകരം യോഗ്യത (alternative qualification) ആയി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (സാധാ) നം.122/2016/തൊഴിൽ | തിരുവനന്തപുരം, തീയതി 29.01.2016

---

പരാമർശം - 1. ട്രെയിനിംഗ് ഡയറക്ടറുടെ 13.05.2015 ലെ എഫ് 1/03002/14 നമ്പർ കത്ത്.

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17/10/2015-ലെ A VIIII (2) 23593/03/GW നമ്പർ കത്ത്.

## ഉത്തരവ്

'മെക്കാനിക് ട്രാക്ടർ' ട്രേഡിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്/സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (NTC/STC) യോഗ്യതയാക്കാവുന്ന തസ്തികകൾക്ക് 'മെക്കാനിക്ക് അഗ്രിക്കൾച്ചറൽ മെഷീനറി' ട്രേഡിലെ National Trade Certificate /State Trade Certificate (NTC/STC) യോഗ്യതയായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ട്രെയിനിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. 'മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷീനറി' ട്രേഡ് രണ്ടു വർഷ കോഴ്സും 'മെക്കാനിക് ട്രാക്ടർ' ട്രേഡ് ഒരു വർഷ കോഴ്സുമാണ് എന്നും, 'മെക്കാനിക്ക് ട്രാക്ടർ' ട്രേഡ് പാസ്സായ സർട്ടിഫിക്കറ്റ് യോഗ്യതയായി കണക്കാക്കുന്ന ജോലികൾക്ക് 'മെക്കാനിക്ക് അഗ്രിക്കൾച്ചറൽ മെഷീനറി' ട്രേഡ് പാസ്സായ ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കാവുന്നതാണ് എന്ന് വ്യാവസായിക പരിശീലന വകുപ്പ് നടത്തിയ പഠന കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് ട്രെയിനിംഗ് ഡയറക്ടർ പരാമർശം (1) ൽ അറിയിച്ചിട്ടുണ്ട്.

3. വ്യാവസായിക പരിശീലന വകുപ്പിന്റെ നിയന്ത്രണത്തിൽ ഐ.ടി.ഐ.കളിൽ നടത്തുന്ന "മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷീനറി" ട്രേഡ് രണ്ടുവർഷ കോഴ്സും "മെക്കാനിക് ട്രാക്ടർ" ട്രേഡ് ഒരു വർഷ കോഴ്സും ആയിരിക്കുന്ന സാഹചര്യത്തിൽ "മെക്കാനിക്ക് ട്രാക്ടർ" ട്രേഡിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്/സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് യോഗ്യത ആവശ്യമുള്ള തസ്തികകൾക്ക് "മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷീനറി" ട്രേഡിലെ NTC/STC യോഗ്യതയും സ്വീകരിക്കുവാൻ സാധിക്കും വിധം പകരം യോഗ്യത (alternative qualification) ആയി പ്രഖ്യാപിക്കാവുന്നതാണ് എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

. . . 2

4.സർക്കാർ ഇക്കാര്യം പരിശോധിച്ച് 'മെക്കാനിക് ട്രാക്ടർ' ട്രേഡിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്/സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് യോഗ്യത ആവശ്യമുള്ള തസ്തികകൾക്ക്, 'മെക്കാനിക് അഗ്രിക്കൾച്ചറൽ മെഷീനറി' ട്രേഡിലെ NTC/STC യോഗ്യതയും സ്വീകരിക്കുവാൻ സാധിക്കുംവിധം, പകരം യോഗ്യത (alternative qualification) ആയി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത. കെ.എസ്,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്. (പരസ്യപ്പെടുത്തുന്നതിനായി)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.